(ഡി) പ്രഥമദൃഷ്ട്യാ കേസ് രജിസ്റ്റർ ചെയ്യേണ്ട ആവശ്യത്തിലേക്ക് ഉതകുന്ന മെറ്റീരിയൽസ് ലഭിച്ചിട്ടില്ല.

(ഇ) ബാർകോഴയിൽ അന്വേഷണം നേരിടുന്ന മന്ത്രിമാർ ആരും ഇല്ല. മുൻ ധനകാര്യമന്ത്രി ശ്രീ. കെ. എം. മാണിക്കെതിരായി അന്വേഷണം നടന്നുവരുന്നു. ശ്രീ. കെ. ബാബുവിനെതിരെ പ്രാഥമിക അന്വേഷണം നടത്തി കേസ് രജിസ്റ്റർ ചെയ്യാൻ വേണ്ട മെറ്റീരിയൽസ് ഇല്ലാത്തതിനാൽ തുടർ നടപടികൾ അവസാനിപ്പിച്ചിരിക്കുകയാണ്.

നാദാപുരം ബോംബ് സ്ഫോടനം

256 (266) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരത്ത് അഞ്ച് യൂത്ത് ലീഗ് പ്രവർത്തകർ ബോംബ് സ്ഫോടനത്തിൽ കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട കേസിന്റെ ഗൂഢാലോചന ദുബായിലാണ് നടന്നതെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ തുടരന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) ബോംബ് നിർമ്മിച്ചവരുടെ ഉദ്ദ്യേശം എന്താണെന്ന് വ്യക്തമായിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഇതുസംബന്ധിച്ച് ദുബായിൽ അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ഡി) മരിച്ചവരെക്കൂടാതെ കേസിൽ പ്രതി ചേർക്കപ്പെട്ടവർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിദേശത്തും സ്വദേശത്തുമായി നടന്ന ഗൂഢാലോചന സംബന്ധിച്ച അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) മതസ്പർദ്ധ ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ഒരു പ്രത്യേക മതവിഭാഗത്തിൽപെട്ടവർക്കെതിരെ ഉപയോഗിക്കുന്നതിനായാണ് ബോംബ് നിർമ്മിച്ചത് എന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ട്.

(സി) ദുബായിൽ അന്വേഷണം നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മരിച്ചവരെക്കൂടാതെ കേസിൽ പ്രതിചേർക്കപ്പെട്ടവരുടെ പേരുവിവരം ചുവടെ ചേർക്കുന്നു :

(I) ഫൈസൽ, S/o. മൊയ്തു.

(ii) അജ്നാസ്, S/o. അബ്ദുൾ അസീസ്

(iii) സബീൽ @ സബീലുള്ള, S/o. പോക്കർ ഹാജി

(iv) ഇസ്മയിൽ, S/o. സൂപ്പി

(v) ഇട്ടോടി കുഞ്ഞമ്മദ്, S/o. അബ്ദുള്ള

(vi) മൊയ്തു, S/o. കുഞ്ഞബ്ദുള്ള ഹാജി

(vii) റയീസ്, S/o. മുഹമ്മദ്

(viii) അനസ്, S/o. ഇമ്പിച്ചിക്കോയ തങ്ങൾ

(ix) ഷൗക്കത്തലി, S/o. അബ്ദുള്ള

(x) പി. പി. റഫീക്ക് S/o. അമ്മദ്

(xi) ആഷിക്ക്, S/o. കുഞ്ഞബ്ദുള്ള ഹാജി

(xii) കരീം, S/o. അമ്മദ്

(xiii) ഫൈസൽ, S/o. അമ്മദ്

(xiv) ഹാരിസ്, S/o. സൂപ്പി

(xv) സജീർ, S/o. മൊയ്തു

(xvi) പി. പി. ഷംസുദ്ദീൻ ചാലിൽ

(xvii) സുഹൈബ്, S/o. മുഹമ്മദ്

(xviii) വി. പി. റഫീഖ്, S/o. സൂപ്പി

(xix) സുബൈർ, S/o. മൊയ്തു

(xx) ഇമ്പിച്ചിക്കോയ തങ്ങൾ, S/o. പൂക്കോയതങ്ങൾ

(xxi) മജീദ്, S/o. മമ്മു

LIBRARY ARCHIVES Kerala Legislative Assembly

(xxii) ഹമീദ്, S/o. അമ്മദ്

(xxiii) മൊഹമ്മദ് റാഫി, S/o. മധുമൽ റാഫി

(xiv) അബ്ദുൾ മജീദ്, S/o. അബ്ദുള്ള

(xxv) ഹമീദ്, S/o. സൂപ്പി

(xxvi) സുഹൈൽ, S/o. മമ്മു

(xxvii) ബഷീർ, S/o. അമ്മദ്

(xxviii) ആറ്റക്കോയത്തങ്ങൾ @ കുഞ്ഞാറ്റത്തങ്ങൾ, S/o. കോയതികോയത്തങ്ങൾ

എന്നിവരെക്കൂടി പ്രതിചേർത്തിട്ടുണ്ട്.

ജനമൈത്രി പോലീസ് പദ്ധതി

257 (267) ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. പാലോട് രവി :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനമൈത്രി പോലീസ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് പഠനം നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ; പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി എന്തെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ആഭിമുഖ്യത്തിൽ ബീറ്റ് ഓഫീസർമാർക്ക് പദ്ധതിയുടെ അടിസ്ഥാനപാഠങ്ങൾ നൽകുന്നതിനായി ബേസിക് ട്രെയിനിംഗ് പ്രോഗ്രാമുകളും തുടർ പരിശീലന പരിപാടികളും നൽകിവരുന്നു. ഇതിനുപുറമെ വ്യത്യസ്ത വിഷയങ്ങളെ ആസ്പദമാക്കി കൃത്യമായ ഇടവേളകളിൽ സി.ആർ.ഒ.മാർക്കും മറ്റ്

LIBRARY ARCHIVES Kerala Legislative Assembly